# കുട്ടികൾക്കായുള്ള ബൈബിൾ

## അവതരണം



# യേശുവിന്റെ പ്രതിസന്ധി


എഴുതിയത് : Edward Hughes

ഉദാഹരണം : Byron Unger; Lazarus

അംഗികരിച്ചത് : Rev. Benny

തർജ്ജിമ ചെയുതത് : M. Maillot; Sarah S.


കഥ 38-60 നിന്നും


**www.M1914.org**

***Bible for Children,*** *PO Box 3, Winnipeg, MB R3C 2G1 Canada*



കോപ്പിചെയുവാനും മുദ്രണം ചെയുവാനും അധികാരം ഉണ്ട്.

ഒരിക്കലും വിൽക്കരുത്.


**മലയാളം**

Malayalam

യേശു സ്നാനപ്പെട്ടപ്പോൾ ദൈവം സംസാരിച്ചു. ദൈവം പറഞ്ഞു, ‘‘ഇവൻ എന്റെ പ്രിയപുത്രൻ. ഇവനിൽ ഞാൻ പ്രസാധിച്ചിരിക്കുന്നു.’’ ദൈവത്തിന്റെ പരിശുദ്ധാത്മാവ് ഒരു പ്രാവുപോലെ അവന്റെമേൽ ഇറങ്ങിവന്നു.



1

അതിനു തൊട്ടു പിന്നാലെ ദൈവത്തിന്റെ പരിശുദ്ധാത്മാവ് യേശുവിനെ ഒരു മരുഭൂമിയിലേക്ക് നയിച്ചു. യേശു അവിടെ തനിച്ചായിരുന്നു.



2


യേശു നാല്പതു ദിവസം
ഉപവസിച്ചു. എന്നു പറഞ്ഞാൽ
അവൻ ഒരു ഭക്ഷണവും കഴിച്ചില്ല.
അവന് വളരെ വിശന്നു.
3


വന്യമൃഗങ്ങളും അവിടെ ഉണ്ടായിരുന്നുവെന്ന്
വേദപുസ്തകം പറയുന്നു.
4


യേശുവിനെ പരീക്ഷിക്കുവാൻ
സാത്താൻ വന്നു. പണ്ട്ദൈവത്തെ
അനുസരിക്കാതിരിക്കുവാൻ
ഏദെൻതോട്ടത്തിൽ ആദമിനെയും
ഹവ്വയെയും അവൻ പരീക്ഷിച്ചിരുന്നു.
ഇപ്പോൾ യേശുവും
പരീക്ഷിക്കപ്പെടുന്നു.
5


ദൈവപുത്രനായ
യേശുക്രിസ്തുവിനെപ്പോലും
പരീക്ഷിക്കുവാൻ സാത്താൻ
ശ്രമിക്കും.
6


സാത്താൻ പറഞ്ഞു, ‘‘നീ ദൈവത്തിന്റെ
പുത്രൻ എങ്കിൽ ഈ കല്ലുകൾ
അപ്പമാക്കിത്തീർക്കുക.’’ യേശു
വിശന്നിരിക്കുകയാണെന്ന് സാത്താന്
അറിയാമായിരുന്നു.
7


ദൈവപുത്രന് കല്ലുകൾ
അപ്പമാക്കിത്തീർക്കുവാൻ
കഴിയുമെന്നും അവനറിയാം.
യേശു സാത്താനെ
അനുസരിക്കുമോ?
8


ഇല്ല! യേശു സാത്താനെ അനുസരിച്ചില്ല. പകരം ദൈവവചനത്തിൽനിന്നു മറുപടി പറഞ്ഞു.
വിശുദ്ധ വേദപുസ്തകം
9


“മനുഷ്യൻ അപ്പംകൊണ്ട് മാത്രമല്ല, ദൈവത്തിന്റെ വായിൽനിന്ന് വരുന്ന സകല വചനങ്ങൾകൊണ്ടുമാണ് ജീവിക്കുന്നത്.”
വിശുദ്ധ വേദപുസ്തകം
10


പിന്നെ സാത്താൻ യേശുവിനെ നയിച്ചത് യെരൂശലേം പട്ടണത്തിൽ ജനങ്ങൾ ദൈവത്തെ ആരാധിക്കുന്ന വിശുദ്ധ മന്ദിരത്തിലേക്കാണ്. അടുത്തതായി സാത്താൻ എന്തായിരിക്കും ചെയ്യാൻ പോകുന്നത്?
11


“നീ ദൈവത്തിന്റെ പുത്രൻ എങ്കിൽ താഴേക്ക് ചാടുക, ദൈവദൂതന്മാർ നിന്നെ കാക്കുമെന്ന് ദൈവവചനത്തിൽ പറഞ്ഞിട്ടുണ്ട്.” സാത്താൻ പറഞ്ഞു.
12


“ഇല്ല ഇതുംകൂടെ എഴുതിയിട്ടുണ്ട്. നിന്റെ ദൈവമായ യഹോവയെ പരീക്ഷിക്കരുത്..”
വിശുദ്ധ വേദപുസ്തകം
13


സാത്താൻ പിന്നെയും പരിശ്രമിച്ചുകൊണ്ടിരുന്നു. അവൻ യേശുവിനെ പട്ടണത്തിന് വെളിയിൽ ഒരു വലിയ മലമുകളിലേക്ക് കൊണ്ടുപോയി.
14













യേശുവിന്റെ പ്രതിസന്ധി

ദൈവവചനത്തിൽ നിന്നും ഒരു കഥ.

ബൈബിളിൽ നിന്നുംഎടുത്തത്.

മത്തായി 4, ലൂക്കൊസ് 4

"നിങ്ങളുടെ പ്രവേശന വാക്ക് വെളിച്ചം പകരട്ടെ."
സങ്കീർത്തനം 119:130

നാം തെറ്റുകരെന്നു ദൈവം അറിയുന്നു അതിന് പാപംമെന്നു പറയുന്നു. പാപത്തിനുള്ള ശിക്ഷയാണ് മരണം.

ദൈവം നമ്മെ സ്നേഹിച്ചു അതിനാൽ തന്റെ മകനായ യേശുവിനെ നമ്മുടെ പാപങ്ങളുടെ പരിഹാരത്തിനായി ക്രൂശിൽ മരിക്കണ്ടതിനു ഈ ലോകത്തിലേക്ക് വന്ന യേശു മരിച്ച് ഉയിർത്തെഴുന്നേറ്റു സ്വർഗ്ഗത്തിലേക്ക് പോയി. ദൈവത്തിനു നമ്മുടെ പാപങ്ങളെ ക്ഷമിപ്പാൻ കഴിയും.

നമ്മുടെ പാപങ്ങളിൽ നിന്ന്  വിടുതൽ ആവശ്യമെങ്കിൽ ദൈവത്തോട് ഇപ്രകാരം പറയുക. പ്രിയ ദൈവമേ യേശുവേ എനിക്ക് വേണ്ടി മരിച്ചു ഇപ്പോൾ ജീവിക്കുന്നു എന്ന് ഞാൻ
വിശ്വസിക്കുന്നു. എന്റെ ഹൃദയത്തിലേക്ക് വന്ന് എന്റെ പാപങ്ങളെ ക്ഷമിക്കേണം. എനിക്ക് പുതിയൊരു ജീവിതം നൽകേണമേ നിരന്തരം നിന്നോട് അടുത്ത് ജീവിക്കുവാനും നിന്റെ മകനായി ജീവിക്കുവാൻ സഹായിക്കേണമേ. ആമേൻ
യോഹന്നാൻ 3:16

എല്ലാദിവസവും ബൈബിൾ വായിക്കുകയും ദൈവത്തോട് സംസാരിക്കുകയും ചെയ്യുക.